(1)	(2)	(3)	(4)
7	എറണാകുളം	11	1
8	തൃശ്ശൂർ	6	0
9	പാലക്കാട്	15	1
10	മലപ്പുറം	16	6
11	കോഴിക്കോട്	13	0
12	വയനാട്	1	0
13	കണ്ണൂർ	17	0
14	കാസർഗോഡ്	0	0
	ആകെ	110	13

(ഡി) 83

(ഇ) 38 പേർക്ക്. 3 അപേക്ഷകൾ പരിഗണിക്കാതെ വച്ചിട്ടുണ്ട്. ടി 3 അപേക്ഷകൾ പരിഗണിക്കാത്തതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പയ്യന്നൂർ മണ്ഡലത്തിൽ ചെറുപുഴ സബ് ട്രഷറിയിൽ സ്റ്റാമ്പ് ഡിപ്പോ

180 (4171) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ 2012-ൽ ആരംഭിച്ച ചെറുപുഴ സബ്ട്രഷറിയിൽ സ്റ്റാമ്പ് ഡിപ്പോയുടെ പ്രവർത്തനം ഇതേവരെ ആരംഭിക്കാത്തതിനാൽ ആവശ്യക്കാർ പ്രയാസം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റാമ്പ് ഡിപ്പോ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗത്തിൽ സ്റ്റാമ്പ് ഡിപ്പോ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചെറുപുഴ സബ് ട്രഷറിയിൽ നിന്ന് സ്റ്റാമ്പ് എടുക്കുന്നതിന് ആരും തന്നെ താൽപ്പര്യം പ്രകടിപ്പിച്ചതായി അറിവില്ല.

(ബി&സി) സ്റ്റാമ്പ് ഡിപ്പോ അനുവദിക്കുന്നതിനുള്ള ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് നഗരത്തിൽ സ്റ്റാമ്പ് വെണ്ടർമാരുടെ ലഭ്യത

181 (4172) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്;

(ബി) നഗരത്തിൽ അനുഭവപ്പെടുന്ന സ്റ്റാമ്പ് പേപ്പർ ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് താലൂക്ക് ഓഫീസിനു പുറത്ത് അംഗീകൃത സ്റ്റാമ്പ് വെണ്ടർ ഉണ്ടോ; ഉണ്ടെങ്കിൽ ഇയാളുടെ സേവനം പലപ്പോഴും ജനങ്ങൾക്കു ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കാസർഗോഡ് നഗരത്തിൽ പുതുതായി സ്റ്റാമ്പ് വെണ്ടറിനു അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരിൽ നിന്ന്; പ്രസ്തുത അപേക്ഷ പ്രകാരം സ്റ്റാമ്പ് വെണ്ടറെ എപ്പോൾ നിയോഗിയ്ക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) താലൂക്ക് ഓഫീസിന് പുറത്ത് അംഗീകൃത സ്റ്റാമ്പ് വെണ്ടർ ഇല്ല.

(ഡി) ഉണ്ട്. രണ്ട് പേരിൽ നിന്ന്. 'ഇ-സ്റ്റാമ്പിംഗ്' പദ്ധതി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കേണ്ടതില്ലെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിരിക്കുകയാണ്.

മുദ്രപത്രങ്ങൾ വിൽപ്പന നടത്തുന്ന ട്രഷറികൾ

182 (4173) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മുദ്രപത്രങ്ങൾ വിൽപ്പന നടത്തിവരുന്ന ട്രഷറികൾ ഏതെല്ലാം; ഓരോ ജില്ലയിലെയും പ്രത്യേക കണക്കുകൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly